## 13 -ാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5502 01/07/2014 - ൽ മറുപടിയ്ക്ക്**

### സ്റ്റുഡന്റ് ഡോക്ടർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. മുരളീധരൻ | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) ആദിവാസി സ്കൂളുകളിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് സ്റ്റുഡന്റ് ഡോക്ടർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;<br><br>(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;<br><br>(സി) പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;<br><br>(ഡി) എന്ന് മുതലാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ; എന്തെല്ലാം ;<br><br>(ഇ) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ? | **(എ, ബി, സി, ഡി)**<br><br>ആദിവാസി സ്കൂളുകളിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിനായി സ്റ്റുഡന്റ് ഹെൽത്ത് എഡ്യുക്കേഷൻ പ്രൊമോട്ടർ എന്ന ഒരു പദ്ധതി കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കിയിരുന്നു. മോഡൽ റസിഡൻഷ്യൻ സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി, ആരോഗ്യ വകുപ്പുമായി ചേർന്ന് ആരോഗ്യ പരിപാലനം പ്രഥമ ശുശ്രൂഷ, വ്യക്തി ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും |

പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ മറ്റുള്ള വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യപരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുക എന്നുള്ളതാണ് ടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, ടി പദ്ധതിക്ക് അംഗീകാരം ലഭിച്ചതനുസരിച്ച്, 2013-14 അദ്ധ്യായന വർഷാരംഭം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും, ആലപ്പുഴ റ്റി.ഡി മെഡിക്കൽ കോളേജിലെ അഡീഷണൽ പ്രൊഫസർ ഡോക്ടർ പത്മകുമാറിന്റെ മേൽനോട്ടത്തിൽ കുടുംബശ്രീ, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ പരിശീലനം ലഭിച്ച കുട്ടികൾ മറ്റുള്ളവർക്കും ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**